(ഡി) മലപ്പുറം ജില്ലയിലെ മയക്കുമരുന്നു കച്ചവടത്തിന്റെ പിന്നിൽ വൻതോതിൽ അധോലോകസംഘം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കഞ്ചാവ്, മയക്കുമരുന്നു വില്പന നിശ്ശേഷം ഇല്ലാതാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2003-2004 കാലഘട്ടത്തിൽ എക്സൈസ് വകുപ്പ് 11 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പ് 2003-ൽ 50 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ പ്രദേശങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ഇവിടങ്ങളിൽ മിന്നൽ പരിശോധനകളും റെയ്ഡുകളും നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കഞ്ചാവ്, മയക്കുമരുന്നു വിൽപ്പന തടയുന്നതിന്, എക്സൈസും പോലീസ് വകുപ്പും ഒറ്റയ്ക്കും കൂട്ടായും റെയ്ഡുകൾ നടത്തിവരുന്നുണ്ട്. കൂടാതെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

ഫയർ സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം

37 [848] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷൻ ഓഫീസർ തസ്തികയിൽ 1989-ന് ശേഷം നേരിട്ടുള്ള നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ബി) നേരിട്ട് നിയമനം നടത്തേണ്ട എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) ഇതിൽ എന്നത്തേക്ക് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നു;

(ഡി) നിയമനം ലഭിക്കുന്നവർക്ക് ഒറ്റ ബാച്ചായി പരിശീലനം നൽകുവാൻ നാഗ്പൂർ നാഷണൽ ഫയർ സർവീസ് ട്രയിനിംഗ് കോളേജിൽനിന്നും പ്രത്യേക അനുമതി വാങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് യഥാസമയം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് പരീക്ഷ നടത്തിയെങ്കിലും സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

റൂളിൽ അനുശാസിക്കും പ്രകാരമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചില്ല. തുടർന്ന് വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിക്കുകയും പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) 37.

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ നിർദ്ദേശിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ഡി) പ്രത്യേക അനുമതിക്കായി സിവിൽ ഡിഫൻസ് ഡയറക്ടർക്ക് 12-5-2004-ൽ ഫയർ ആന്റ് റെസ്ക്യൂ സർവീസ് കമാന്റ്റന്റ് ജനറൽ അപേക്ഷിച്ചിട്ടുണ്ട്.

പട്ടാമ്പി ഫയർസ്റ്റേഷന് സ്ഥലം അനുവദിക്കാൻ നടപടി

38 [849] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം പോലീസ് സ്റ്റേഷൻ വളപ്പിൽ നൽകുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ലഭിച്ചിട്ടുണ്ട്. പരിശോധിച്ചുവരികയാണ്.

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന നടപടി

39 [850] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പെരിങ്ങോത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനും, പ്രസ്തുത സ്റ്റേഷനു തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly